**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിര ആവാസ് യോജന – ത്രിതല പഞ്ചായത്തുകളിലെ 2015-16 വർഷം നടപ്പാക്കാൻ സാദ്ധ്യതയില്ലാത്ത പ്രോജക്ടുകളിലെ തുക ഐ.എ.വൈ. ഭവന പദ്ധതിക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ).1328 /2016/തസ്വഭവ തിരുവനന്തപുരം, തീയതി, 26/03/2016

================================================================

പരാമർശം: 06.03.2016 തീയതിയിലെ 2.3., 2.4, 2.5 നമ്പർ വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ.

**ഉത്തരവ്**

ത്രിതല പഞ്ചായത്തുകളിലെ 2015-16 വർഷം നടപ്പാക്കാൻ സാദ്ധ്യതയില്ലാത്ത പ്രോജക്ടുകളിലെ തുക ഇന്ദിര ആവാസ് യോജന ഭവന പദ്ധതിക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നതിന് പരാമർശം പ്രകാരം വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2015-16 വാർഷിക പദ്ധതിയിൽ നടപ്പാക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകളിലെ തുക ജി.ഒ. പ്രോജക്ടാക്കി തുക നേരിട്ട് (ത്രിതല പഞ്ചായത്ത് വിഹിതം, സംസ്ഥാന സർക്കാരിന്റെ അധിക സാമ്പത്തിക സഹായം) ഐ.എ.വൈ. ഭവന പദ്ധതിക്കായി ഉപയോഗിക്കുന്നതിനും, ഐ.എ.വൈ. പദ്ധതിക്കായി സർക്കാർ നൽകേണ്ടിയിരുന്ന അധിക ധനസഹായത്തിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും ബ്ലോക്ക് പഞ്ചായത്തുകൾ എടുത്ത വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിലേയ്ക്ക് ത്രിതല പഞ്ചായത്തുകളുടെ 2015-16 പ്ലാൻ ഫണ്ടിൽ നിന്നും ജി.ഒ.പ്രോജക്ടായി തിരിച്ചടയ്ക്കുന്നതിനും, ഐ.എ.വൈ. പദ്ധതിക്കായി 2011-12 വർഷത്തിൽ അധിക ധനസഹായമായ 75,000/- രൂപ നൽകുന്നതിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്തുകൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പയുടെ പലിശ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 പ്ലാൻ ഫണ്ടിൽ നിന്നും ജി.ഒ. പ്രോജക്ടായി തിരിച്ചടയ്ക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**പി.ഐ. ഷെയ്ഖ് പരീത്**
സ്പെഷ്യൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം